ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ 114/2015/പൊ.വി. തീയതി 14-5-2015 പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിനെതിരെ മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് ഇത്തരത്തിൽ അംഗീകാരം നൽകിയത്. ഇതുമൂലം സർക്കാർ/എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിലായതായും അദ്ധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടതായിട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

77 (1100) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും അടിസ്ഥാന സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പല സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങളില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എസ്.എസ്.എ., ആർ.എം.എസ്.എ., ശുചിത്വ മിഷൻ എന്നിവയുടെ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്ത എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് മതിയായ സൗകര്യങ്ങളേർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ ഇവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഹയർസെക്കന്ററി സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. അതിനുപുറമെ പ്ലാൻ ഫണ്ട്, 12-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഇക/നബാർഡിൽ നിന്നുമുള്ള ധനസഹായം എന്നിങ്ങനെ വിവിധ പദ്ധതികളിലൂടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. 220 റൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ളം, ടോയ്ലറ്റ്, യൂറിനലുകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചു. ടി ഇകയിൽനിന്നും എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട ഇക ഡി.ഡി. ആയി റിലീസ് ചെയ്തിട്ടുണ്ട്.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

78 (1101) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

പരിശോധിച്ചുവരുന്നു.

അദ്ധ്യാപക ബാങ്ക്

79 (1102) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അദ്ധ്യാപക ബാങ്കിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; നിലവിൽ എത്ര അദ്ധ്യാപകർ ഇതിലുണ്ട് ;

(ബി) പ്രസ്തുത അദ്ധ്യാപകരെ റഗുലറൈസ് ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ബാങ്ക് രൂപവത്ക്കരിച്ചിട്ടില്ല. അദ്ധ്യാപക ബാങ്ക് സംബന്ധമായും പാക്കേജ് സംബന്ധമായുമുള്ള എല്ലാ ഉത്തരവുകളും ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഫയൽചെയ്ത അപ്പീലിന്മേൽ അന്തിമ തീരുമാനമാകാത്ത സാഹചര്യത്തിൽ ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നുംതന്നെ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly